(സി&ഡി) പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 12-11-2009-ലെ ജി.ഒ.(പി) 100/99/പജപവവരിവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. ടി മാർഗ്ഗ നിർദ്ദേശത്തിന് അനുസൃതമായി സംഘങ്ങൾ/ബാങ്കുകൾ നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം സംഘങ്ങൾ/ബാങ്കുകൾ 1,19,827 വായ്പകളിലായി 105.34 കോടി രൂപയുടെ ആനുകൂല്യത്തിന് അപേക്ഷിക്കുകയും ആയത് സഹകരണ വകുപ്പ് പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുമുണ്ട്. തുക ഇതുവരേയും അനുവദിച്ച് നൽകിയിട്ടില്ല.

2010-കയർ വർഷം

39 (4094) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. അജിത് :
ശ്രീ. ബാബു പോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2010 കയർ വർഷമായി ആചരിക്കുന്നുണ്ടോ ; എങ്കിൽ പ്രസ്തുത കയർ വർഷത്തിൽ എന്തെല്ലാം പ്രത്യേക പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കയർ മേഖലയിൽ അത്യാധുനിക യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാമാണെന്നു വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് തൊണ്ടു സംഭരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010 കയർ വർഷമായി ആചരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കയർ വർഷത്തോടനുബന്ധിച്ച് നിലവിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം ചുവടെ വിവരിക്കുന്ന പദ്ധതികൾക്ക് ഊന്നൽ നൽകി നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നത്.

- ബ്രാന്റ് ലോഗോയുടെ പ്രചരണം
- വിപണന തന്ത്രം ശക്തിപ്പെടുത്തലും പ്രചരണവും
- ഹെറിറ്റേജ് കരകൗശല ഉൽപ്പന്നങ്ങൾ വികസിപ്പിക്കൽ
- കയർ ഭൂവസ്ത്ര പ്രചരണ പരിപാടികൾ
- ഗവേഷണ വികസനം ശക്തിപ്പെടുത്തൽ
- കൂടുതൽ ക്ഷേമപദ്ധതികൾ നടപ്പിലാക്കൽ. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

- പുതിയ ഡീഫൈബറിംഗ് മിൽ സ്ഥാപിക്കൽ. പദ്ധതി പ്രകാരം തൊണ്ട് സംഭരണ പദ്ധതി, പുതിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി നിലവിലുള്ളവയെ പുനരുദ്ധരിക്കുന്ന പദ്ധതി.
- ചകിരി ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി 31-12-2010 നകം നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത 1000 ഡീഫൈബറിംഗ് മെഷീനുകൾ ഗുണഭോക്താക്കൾക്ക് നൽകുന്ന പദ്ധതി
- സംഘങ്ങൾ തൊഴിലാളികൾക്ക് നൽകാനുള്ള ത്രിഫ്റ്റ് ഷെയർ, പിരിഞ്ഞുപോയ ജീവനക്കാർക്ക് നൽകാനുള്ള ഗ്രാറ്റുവിറ്റി എന്നീ ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുത്ത് ഇവ തൊഴിലാളികൾക്ക് നൽകുന്ന പദ്ധതി.
- കയർ മേഖലയിലെ ചെറുകിട ഉൽപ്പാദകർക്കും സഹകരണ സംഘങ്ങൾക്കും കയർ കടാശ്വാസ പദ്ധതി
- കേരള കയറിന്റെ വിപണനവും പ്രചരണവും വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം പദ്ധതി
- കയർ മേഖലയ്ക്കാവശ്യമായ യന്ത്ര നിർമ്മാണത്തിനായി ആലപ്പുഴയിൽ യന്ത്ര നിർമ്മാണ ഫാക്ടറി
- കയർ ഉൽപ്പന്നങ്ങളുടെ പ്രചരണാർത്ഥം ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള ഫെയറുകളിൽ വകുപ്പിന്റെ പങ്കാളിത്തം.

(ബി) ആലപ്പുഴയിൽ കയർ മേഖലയ്ക്കാവശ്യമായ യന്ത്ര നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിലേക്കായി മെയ് മാസത്തിൽ ശിലാസ്ഥാപനം നിർവ്വഹിച്ചിട്ടുണ്ട്. കേരളത്തിനാവശ്യമായ യന്ത്ര സാമഗ്രികളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഡീ-ഫൈബറിംഗ് മെഷീനുകൾ, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, വില്ലോയിംഗ് മെഷീൻ, റാട്ടുകൾ, വിവിധ തരത്തിലുള്ള ലൂമുകൾ എന്നിവ ഇതിലുൾപ്പെടുന്നു.

(സി) തൊണ്ട് സംഭരണത്തിന് തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ കൺസോർഷ്യങ്ങൾ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ മുഖാന്തിരം തൊണ്ട് സംഭരിക്കുന്നതാണ്. കൺസോർഷ്യങ്ങൾക്ക് പ്രവർത്തന മൂലധന ഗ്രാന്റായി 5 ലക്ഷം രൂപ ധനസഹായം അനുവദിച്ചു വരുന്നു. തൊണ്ട് സംഭരിക്കുന്ന വ്യക്തിക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി 100 രൂപ പ്രതിദിന വേതനവും പച്ചത്തൊണ്ടിന് 10 പൈസയും ഉണക്ക തൊണ്ടിന് 7.50 പൈസയും ഇൻസെന്റീവും തൊണ്ടിന് കടത്തുകൂലിയുടെ 50% ഉം അനുവദിച്ചു വരുന്നു. കയർഫെഡിന് തൊണ്ട് സംഭരിക്കുന്നതിലേയ്ക്കായി 252 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 30 കൺസോർഷ്യങ്ങൾക്ക് തൊണ്ട് സംഭരണത്തിനായി 150 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly